# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് ഒന്ന്

## ഒരു ആമുഖം

എബ്രായലേഖനം അഗാധവും സമ്പന്നവുമാണ്. അത് സ്വർഗീയ ആശയങ്ങളിൽ അഗാധവും സ്വർഗീയ അവകാശത്തിൽ സമ്പന്നവുമാണ്. എബ്രായലേഖനത്തെക്കുറിച്ചുള്ള നമ്മുടെ ജീവപഠനത്തിൽ ഈ പുസ്തകത്തിന്റെ അഗാധമായ ആശയങ്ങളെയും അതിന്റെ സ്വർഗീയ അവകാശത്തെയും സംബന്ധിച്ചാകും നാം ചിന്തിക്കുന്നത്. ഈ പുസ്തകത്തിന്റെ ആഴങ്ങളിലേക്ക് നാം ഇറങ്ങിച്ചെല്ലേണ്ടത് ആവശ്യമാണ്.

## I. പശ്ചാത്തലം

എബ്രായലേഖനത്തിന്റെ ആശയങ്ങളിലേക്കും സമ്പത്തിലേക്കും നാം പ്രവേശിക്കണമെങ്കിൽ, അതിന്റെ രചനയിലെ പശ്ചാത്തലം മനസ്സിലാക്കിയിരിക്കേണ്ടത് ആവശ്യമാണ്. ഇത് നിർണായകമാണ്. എബ്രായലേഖനത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ നേടുക ഒരുവന് പ്രയാസമാണ്. എഴുത്തുകാരന്റെ പേര് നമ്മോടു പറഞ്ഞിട്ടില്ല, പുസ്തകം ആർക്കെഴുതിയെന്നും വ്യക്തമായി പരാമർശിച്ചിട്ടില്ല. എബ്രായലേഖനം മറ്റെല്ലാ ലേഖനങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ഇതിന് ഇതിന്റേതായ പ്രത്യേക സ്വഭാവമുണ്ട്. മറ്റെല്ലാ ലേഖനങ്ങളും ആരാൽ എഴുതപ്പെട്ടുവെന്നും ആർക്കെഴുതിയെന്നും പറഞ്ഞുകൊണ്ടാണു തുടങ്ങുന്നത്. എന്നാൽ, എബ്രായലേഖനം ഈ രീതിയിൽ തുടങ്ങുന്നു: "ദൈവം പണ്ട് പല ഭാഗങ്ങളിലും പല വിധങ്ങളിലും പ്രവാചകന്മാരിൽ പിതാക്കന്മാരോടു സംസാരിച്ചിട്ട്, ഈ നാളുകളുടെ അന്ത്യത്തിൽ പുത്രനിൽ നമ്മോടു സംസാരിച്ചു..." (1:1-2). ഈ പുസ്തകം എഴുതിയതാരാണ്? വേദപുസ്തകം അതു നമ്മോടു പറയുന്നില്ല. ആർക്കാണിതെഴുതിയത്? ഇത് മൊത്തത്തിൽ ഒരു മർമമാണ്, കാരണം വേദപുസ്തകവും ഇതു നമ്മോടു പറയുന്നില്ല. ഇക്കാരണത്താലാണ് വളരെ കുറച്ചു ക്രിസ്ത്യാനികൾ മാത്രം ഈ പുസ്തകത്തെ നന്നായി അറിയുന്നത്.

എബ്രായർക്കുള്ള ലേഖനം ഉപരിപ്ലവമല്ല. ഇത് അത്യന്തം ആഴമുള്ളതാണ്. അതിനാൽ, ഈ പുസ്തകത്തിനുള്ളിലേക്ക് ഇറങ്ങിച്ചെല്ലേണ്ടത് ആവശ്യമാണെന്ന് ഞാൻ വീണ്ടും പറയുന്നു. ഉപരിതലത്തിൽനിന്ന് അതിനെ ഉറ്റുനോക്കരുത്. അതിലേക്ക് ആഴ്ന്നിറങ്ങുകയും ഉപരിതലത്തിനു താഴെയുള്ള നിക്ഷേപങ്ങളെ കണ്ടെത്തുകയും ചെയ്യുക. ഈ പുസ്തകത്തിലെ ഒരു വാക്യം വായിക്കുമ്പോഴെല്ലാം, നിങ്ങൾ അതിന്റെ സന്ദർഭം വായിക്കണം. ഒരു വാക്യത്തിനായി ചിലപ്പോൾ നിങ്ങൾക്ക് കുറച്ച് അധ്യായങ്ങൾതന്നെ വായിക്കേണ്ട ആവശ്യമുണ്ടായിരിക്കും.

## A. സ്വീകരിച്ചവർ എബ്രായ വിശ്വാസികളായിരുന്നു

ആർക്കെഴുതിയെന്ന് എബ്രായലേഖനം അതിൽത്തന്നെ പറയുന്നില്ലെങ്കിലും, അത് എഴുതിയത് എബ്രായ വിശ്വാസികൾക്കായിരുന്നു. ആദിമ നാളുകളിൽ ദിവ്യരചനകൾ ശേഖരിച്ച വിശുദ്ധന്മാർ ഈ പുസ്തകത്തിന് "എബ്രായർക്കുള്ള ലേഖനം" എന്ന പേരു നൽകി. ഇത് വളരെ രസകരമാണ്. എന്തുകൊണ്ട് ഇത് "എബ്രായർക്ക്" എന്നു പറയുകയും യെഹൂദന്മാർക്കെന്നോ യിസ്രായേല്യർക്കെന്നോ പറയാതിരിക്കുകയും ചെയ്യുന്നു?

വർഷങ്ങളോളം എബ്രായർ എന്ന ഈ വാക്ക് എന്നെ അലട്ടിയിരുന്നു. ഈ വാക്കിന്റെ അർത്ഥം അറിയാനുള്ള ശ്രമത്തിൽ ഞാൻ വളരെയധികം പഠിച്ചു. വ്യത്യസ്ത അഭിപ്രായ ചിന്താധാരകളുമായി ഞാൻ പരിചയമുള്ളവനായിത്തീർന്നു. എബ്രായൻ എന്ന പദം ശേമിന്റെ മകനായ ഏബെരിന്റെ ഒരു പിന്തുടർച്ചക്കാരനെ കുറിക്കുന്നുവെന്ന് ഒരു ചിന്താധാര പറയുന്നു (ഉല്പ. 10:21). ഏബെരിനെ യവന ഭാഷയിൽ ഹേബെർ എന്ന് എഴുതാം എന്നതിനാൽ ചില വേദപുസ്തക പഠിതാക്കൾ ചിന്തിച്ചത് എബ്രായർ ഏബെരിന്റെ പിന്തുടർച്ചക്കാർ ആകുന്നു എന്നാണ്. കുറച്ചു സമയത്തേക്ക് ഞാൻ ഈ ചിന്താധാര സ്വീകരിച്ചിരുന്നുവെങ്കിലും, ഒരു ചോദ്യചിഹ്നത്തോടുകൂടെയായിരുന്നു അങ്ങനെ ചെയ്തിരുന്നത്. പിന്നീട്, കൂടുതൽ പഠനത്തിനുശേഷം എനിക്ക് ആ ചിന്താധാരയുമായി യോജിക്കുവാൻ കഴിഞ്ഞില്ല, കാരണം ഏബെരിന് ഒന്നിൽക്കൂടുതൽ പുത്രന്മാരുണ്ടായിരുന്നു. ഏബെരിന് പേലെഗ് എന്നും യൊക്താൻ എന്നും പേരുള്ള രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു (ഉല്പ. 10:25), അബ്രാഹാം പേലെഗിന്റെ ഒരു പിന്തുടർച്ചക്കാരനായിരുന്നു. അബ്രാഹാമിന്റെ പിന്തുടർച്ചക്കാർ ഏബെരിന്റെ പിന്തുടർച്ചക്കാരായിരുന്നതുകൊണ്ട് അവരെ എബ്രായർ എന്നു വിളിക്കണം എന്നു നിങ്ങൾ പറയുന്നുവെങ്കിൽ, ഏബെരിന്റെ രണ്ടാമത്തെ പുത്രനായ യൊക്താന്റെ പിന്തുടർച്ചക്കാരെയും അങ്ങനെതന്നെ വിളിക്കണം. അതിനാൽ, ഈ അഭിപ്രായ ചിന്താധാര യുക്തിരഹിതമാണ്.

കൂടാതെ, അബ്രാഹാമിന് യിസ്ഹാക്ക്, യിശ്ശായേൽ എന്നീ രണ്ടു പുത്രന്മാർ ഉണ്ടായിരുന്നുവെന്ന് വേദപുസ്തകം പറയുന്നു. അബ്രാഹാമിന്റെ പിന്തുടർച്ചക്കാർ ഏബെരിന്റെ പിന്തുടർച്ചക്കാരാ യതുകൊണ്ട് അവർ എബ്രായർ എന്നു വിളിക്കപ്പെടുന്നുവെങ്കിൽ, അബ്രാഹാമിന്റെ പിന്തുടർച്ചക്കാരായ എല്ലാ അറബികളെയും എബ്രായർ എന്നു വിളിക്കണം. എന്നാൽ ഇത് വിഡ്ഢിത്തമാണ്! അതിനാൽ, ഈ വ്യാഖ്യാനം യുക്തിരഹിതമാണ്; അത് വിശ്വസനീയമോ വിശ്വാസയോഗ്യമോ അല്ല.

കൂടുതൽ പഠനത്തിനുശേഷം, *എബ്രായൻ* എന്ന പദം ആദ്യമായി ഉപയോഗിച്ചത് ഉല്പത്തി 14:13-ൽ, അബ്രാഹാം തന്റെ അനന്തരവൻ ലോത്തിന്റെ രക്ഷയ്ക്കായി പോരാടാൻ പോകുന്ന സമയത്താണെന്ന് ഞാൻ മനസ്സിലാക്കി. ഉല്പത്തി 14:13 പറയുന്നു, "ഓടിപ്പോന്ന ഒരുത്തൻ വന്ന് എബ്രായനായ അബ്രാമിനെ അറിയിച്ചു." അബ്രാഹാം ഒരു എബ്രായനായിരുന്നു. ഒട്ടധികമായ പഠനത്തിനത്തിന്റെ ഫലമായി, *എബ്രായൻ* എന്ന വാക്കിന്റെ മൂലപദം "കടന്നുപോകുക" എന്നാണ് അർഥമാക്കുന്നതെന്ന് ഞങ്ങൾ കണ്ടുപിടിച്ചു. വിശേഷാൽ അത് ഒരു പ്രദേശത്തിൽനിന്ന് മറ്റൊന്നിലേക്കും, ഒരു കരയിൽനിന്ന് മറുകരയിലേക്കും ഒരു നദി കടക്കുന്നതിനെ അർഥമാക്കുന്നു. അതുകൊണ്ട്, *എബ്രായൻ* എന്ന പദം അർ)മാക്കുന്നത് മുറിച്ചുകടക്കുന്നവൻ, ഒരു നദി മുറിച്ചു കടക്കുന്നവൻ, ഒരു നദി മുറിച്ചുകടക്കുന്ന ഒരുവൻ, എന്നാണ്. അബ്രാഹാം നദി മുറിച്ചുകടക്കുന്നവനായിരുന്നു. അവൻ ആ വലിയ പ്രളയത്തെ മുറിച്ചുകടന്നു (യോശു. 24:2-3). അബ്രാഹാം യൂഫ്രട്ടീസ് മുറിച്ചുകടന്നു. എബ്രായഭാഷയിൽ പേരാത്ത് എന്നു വിളിക്കപ്പെട്ടിരുന്ന ആ വലിയ നദിയുടെ ആധുനിക പേരാണ് യൂഫ്രട്ടീസ്. അബ്രാഹാമിനെ വിളിച്ചപ്പോൾ താൻ ആയിരുന്ന പഴയ മേഖലയെ അവൻ പ്രവേശിച്ച പുതിയ ദേശത്തിൽനിന്നു ആ മഹാനദി വേർതിരിച്ചിരുന്നു.

അബ്രാഹാം ജനിച്ചത്, ബാബേൽ എന്ന പുരാതന ബാബിലോണിന്റെ സ്ഥാനമായിരുന്ന കൽദയയിലായിരുന്നു. കൽദയയ്ക്കും കനാൻ എന്ന നല്ല ദേശത്തിനും ഇടയിൽ വടക്കുനിന്ന് തെക്കോട്ട് ഒഴുകുന്ന ഒരു വലിയ നദി ഉണ്ടായിരുന്നു. ഇത് വളരെ അർഥവത്താണ്. ദേശം ഉൾപ്പെടെ സകല കാര്യങ്ങളും തന്റെ ഉദ്ദേശ്യനിവർത്തിക്കുവേണ്ടി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ്. കൽദയദേശം സാത്താന്യവും പൈശാചികവും ദുഷ്ടതനിറഞ്ഞതും ആയിത്തീർന്നു. അത് ബിംബങ്ങൾ നിറഞ്ഞതും, മുഴുവനായും ദൈവത്തിന്റെ ശത്രുവിനാൽ കവർന്നെടുക്കപ്പെട്ടതും ദുഷ്ടനാൽ കൈവശമാക്കപ്പെട്ടതും ആയിരുന്നു. അതിനാൽ ബിംബാരാധനയുള്ള ദേശത്തിൽനിന്ന്, സാത്താനാൽ കവർന്നെ ടുക്കപ്പെട്ടതും കൈവശമാക്കപ്പെട്ടതും വിഷലിപ്തമാക്കപ്പെട്ടതും

മലിനമാക്കപ്പെട്ടതും നശിപ്പിക്കപ്പെട്ടതുമായ ആ ദേശത്തിൽനിന്ന് ദൈവം അബ്രാഹാമിനെ വിളിക്കുവാനായി ഇടപെട്ടു. അവൻ എവിടേക്ക് പോകണമെന്ന് അവനോടു പറയാതെ ദൈവം അബ്രാഹാമിനെ വിളിച്ചു (11:8). "കർത്താവേ ഞാൻ എവിടെ പോകണം?" എന്നു ചോദിച്ചുകൊണ്ട് അബ്രാഹാമിന് പടിപടിയായി കർത്താവിലേക്ക് നോക്കണമായിരുന്നു. താൻ എന്താണ് ഉപേക്ഷിക്കേണ്ടതെന്ന് അബ്രാഹാമിന് അറിയാമായിരുന്നു, എന്നാൽ താൻ എവിടേയ്ക്കാണ് പോകേണ്ടിയിരുന്നതെന്ന് അവൻ അറിഞ്ഞില്ല. ഒടുവിൽ ദൈവം അവനെ ആ മഹാനദിയിലേക്കു നയിക്കുകയും അബ്രാഹാം അതിനെ മുറിച്ചുകടക്കുകയും ചെയ്തു. അബ്രാഹാം "നദിക്കക്കരെ പാർത്തിരുന്നു" എന്നും കർത്താവ് അവനെ "നദിക്കക്കരെനിന്നു കൊണ്ടുവന്ന് കനാൻദേശത്തൊക്കെയും സഞ്ചരിപ്പിച്ചു" എന്നും യോശുവ 24:2-3 പറയുന്നു. അതുകൊണ്ട്, ജലത്തിന്റെ മറുവശത്ത് നിന്നുള്ള ഒരു വ്യക്തിയാണ് ഒരു എബ്രായൻ.

സ്നാനത്തിന്റെ യഥാർഥ അർഥം ഇപ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. എന്തുകൊണ്ട് മാനസാന്തരപ്പെട്ടവരെല്ലാം സ്നാനപ്പെടണം? എന്തുകൊണ്ടെന്നാൽ നാം ആയിരിക്കുന്ന ലോകം ദൈവത്തിന്റെ ശത്രുവിനാൽ കവർന്നെടുക്കപ്പെടുകയും കൈവശമാക്കപ്പെടുകയും മലിനമാക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അത് ദൈവോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിന് മേലാൽ കൊള്ളാവുന്നതല്ല. ദൈവത്തിന്റെ രക്ഷ നമ്മെ കേവലം നരകത്തിൽ നിന്ന് സ്വർഗത്തിലേക്ക് രക്ഷിക്കുന്നതല്ല. സാത്താൻ കൈവശമാക്കിയതും നശിപ്പിച്ചതുമായ ദേശത്തുനിന്നു നമ്മെ പുറത്തുകൊണ്ടുവരിക എന്നതാണ് ദൈവത്തിന്റെ രക്ഷ. നമുക്ക് എങ്ങനെ അതിൽ നിന്ന് പുറത്തുകടക്കുവാൻ കഴിയും? സ്നാനപ്പെടുന്നതിലൂടെ. ഓരോ സ്നാനക്കുളവും ഒരു വലിയ നദിയാണ്, ഒരു വലിയ ജലപ്രളയമാണ്. നിങ്ങൾ സ്നാനമേറ്റശേഷം മറുകരയിൽ വരുന്നു. ഹല്ലേലൂയാ! ഞാൻ മറുവശത്തു നിന്ന് മുറിച്ചുകടന്ന ഒരാളാണ്. നിങ്ങൾ ഇപ്പോഴും മറുവശത്താണോ? നിങ്ങൾ മറുവശത്തായിരിക്കാം, എന്നാൽ ഞാൻ ഈ ഭാഗത്താണ്. ഞാൻ മഹാനദി മുറിച്ചുകടന്നു. ഞാൻ ഒരു എബ്രായനാണ്, ഒരു നദി മുറിച്ചുകടക്കുന്നവനാണ്. നിങ്ങൾ എന്താണ് — അമേരിക്കക്കാരനോ, ചൈനക്കാരനോ, ബ്രിട്ടീഷുകാരനോ, ജർമ്മൻകാരനോ, ന്യൂസീലാൻഡുകാരനോ, ജപ്പാൻകാരനോ, ഫിലിപ്പിനോയോ, മെക്സിക്കക്കാരനോ? "ഞങ്ങൾ എബ്രായരാണ്! എന്നു നാം എല്ലാവരും പ്രഖ്യാപിക്കണം. ഞങ്ങൾ ശരിയായ എബ്രായരാണ്" എന്നു നാം എല്ലാവരും പ്രഖ്യാപിക്കണം. നാം യെഹൂദന്മാരല്ല, നാം എബ്രായരാണ്. നാം യഥാർഥ, നിർവ്യാജരായ എബ്രായരാണ്, കാരണം നാം നദി

മുറിച്ചുകടന്നിട്ടുണ്ട്. നമ്മുടെ ഇടയിലുള്ള ഓരോരുത്തനും ഒരു യഥാർഥ നദി മുറിച്ചുകടക്കുന്നവൻ ആണ്.

നാം കണ്ടതുപോലെ, നദി മുറിച്ചുകടക്കുന്ന ഒന്നാമത്തവൻ, ഒന്നാമത്തെ എബ്രായൻ, അബ്രാഹാം ആയിരുന്നു. അബ്രാഹാം ദൈവത്താൽ വിളിക്കപ്പെടുകയും, യൂഫ്രട്ടീസ് എന്ന മഹാനദി കടക്കുകയും, ഒടുവിൽ ദൈവം തന്റെ ആലയം പണിത ദേശത്തിലേക്കു പ്രവേശിക്കുകയും ചെയ്തു. അബ്രാഹാം പ്രവേശിച്ച ദേശം നല്ല ദേശം, ദൈവത്തിന്റെ ഭവനം പണിത വിശുദ്ധ ദേശം ആയിരുന്നു. ദൈവം അവിടെ തന്റെ ഭവനത്തിൽ പാർത്തു. അത് അവന്റെ വഴിവക്കിലെ പാർപ്പിടമല്ലായിരുന്നു; അത് ഭൂമിയിലെ അവന്റെ നിവാസസ്ഥലമായിരുന്നു. മറുവശത്ത് വിഗ്രഹങ്ങളും പൈശാചിക കാര്യങ്ങളും സാത്താന്റെ സകല പ്രവൃത്തികളും ഉണ്ടായിരുന്നു. ഈ വശത്ത് ദൈവത്തിന്റെ ആലയം അവന്റെ ഷെക്കീനാ തേജസ്സോടുകൂടെ ഉണ്ടായിരുന്നു. ഈ രണ്ട് വശങ്ങളെ വേർതിരിക്കുന്നത് എന്താണ്? ഒരു മഹാനദി.

അബ്രാഹാമിന്റെ കാലത്തിനു മുമ്പുപോലും ഒരു ജലപ്രളയം മുറിച്ചുകടന്ന ഒരു മനുഷ്യൻ ഉണ്ടായിരുന്നു — നോഹ. നോഹ ജലപ്രളയത്തെ കടന്നുപോയി (1 പത്രൊ 3:20-21). ആ ജലപ്രളയം പഴയതും വക്രവും വികടവും ദുഷിച്ചതുമായ തലമുറയിൽ നിന്ന് അവനെ വേർപെടുത്തി. ജലപ്രളയം അവനെ പൈശാചിക ലോകത്തിൽ നിന്ന് വേർതിരിച്ച് ഒരു പുതിയ ദേശത്തിലേക്ക് കൊണ്ടുവന്നു, അവിടെ അവൻ ഒരു യാഗപീഠം പണിയുകയും യാഗങ്ങൾ അർപ്പിക്കുകയും ചെയ്തു. നോഹ ജലപ്രളയത്തെ മറികടക്കുകയും, അബ്രാഹാം മഹാനദി മുറിച്ചുകടക്കുകയും ചെയ്തു. ഓരോ സംഭവത്തിലും തത്ത്വം ഒന്നുതന്നെയാണ്.

അബ്രാഹാമിന്റെ പിൻതുടർച്ചക്കാരുടെ കാര്യം എന്താണ്? യിസ്രായേൽമക്കൾ ചെങ്കടലിലെ വെള്ളം മുറിച്ചുകടന്നു. തത്ത്വം ഒന്നുതന്നെയായിരുന്നു. അവർ സമുദ്രം മുറിച്ചുകടന്ന് മറുകരയെത്തിയ ശേഷം പാടി നൃത്തം ചെയ്തു. "മിസ്രയീമേ, നീ മറുവശത്താണ്. ഞങ്ങൾ ഈ ഭാഗത്താണ്!" എന്ന് അവർക്കു പറയുവാൻ കഴിഞ്ഞു. മറുവശത്തെത്തിയ ശേഷം അവർ എന്തു ചെയ്തു? അവർ ദൈവത്തിന്റെ കൂടാരം പണിതു. നാൽപ്പതുവർഷക്കാലം അവർ വാണിജ്യത്തിൽ ഏർപ്പെട്ടില്ല, കൃഷിചെയ്യുകപോലും ചെയ്തില്ല. സ്കൂളുകളോ വിശുദ്ധമന്ദിരങ്ങളോ പള്ളികളോ സെമിനാരികളോ ബൈബിൾ സ്ഥാപനങ്ങളോ ഉണ്ടായിരുന്നില്ല. സമാഗമന കൂടാരമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. സമുദ്രത്തിനക്കരെ എന്തുണ്ടായിരുന്നു? ലൗകികമായ സകല മിസ്രയീമ്യ വസ്തുക്കൾ.

നാം മറുവശത്തുനിന്ന് മുറിച്ചുകടന്നവരായ ആളുകളാണ്. ഈ വശത്ത് നമുക്കെന്താണുള്ളത്? സഭാജീവിത അനുഷ്ഠാനം!

നാം വെള്ളം മുറിച്ചുകടക്കുന്നവരാണ്. നാം എബ്രായരാണ്. വെള്ളം നമ്മെ വേർപെടുത്തിയിരിക്കുന്നു. നാം ഇവിടെ എന്താണു ചെയ്യുന്നത്? നാം ഇന്നത്തെ പെട്ടകമായ കൂടാരം പണിതു കൊണ്ടിരിക്കുന്നു. വെള്ളം മുറിച്ചുകടക്കുന്ന പൗരാണികരിൽ ഒന്നാമത്തവനായ നോഹ പെട്ടകം പണിതു. മോശയുടെ കാലത്തുള്ള എബ്രായർ കൂടാരം പണിതു. ഇന്നത്തെ എബ്രായരായ നാം ഇപ്പോൾ സഭ പണിതുകൊണ്ടിരിക്കുന്നു.

നമ്മുടെ ദൈവം "എബ്രായരുടെ ദൈവം" ആണ്. "എബ്രായരുടെ ദൈവം" എന്ന ഈ പദപ്രയോഗം നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? വർഷങ്ങളായി ഞാൻ വേദപുസ്തക പഠിതാവാണെങ്കിലും, നമ്മുടെ ദൈവം "എബ്രായരുടെ ദൈവം" ആണെന്ന് ഞാൻ അടുത്ത കാലത്താണു കണ്ടത്. ദൈവം അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാണെന്നും അവൻ യിസ്രായേലിന്റെ ദൈവമാണെന്നും വർഷങ്ങളായി ഞാൻ അറിഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ അബ്രാഹാമിന്റെ ദൈവം "എബ്രായരുടെ ദൈവം" കൂടിയാണ്. അവൻ നദി മുറിച്ചുകടക്കുന്നവരുടെ, നദി കടന്നുപോയവരുടെ, ദൈവമാണ്. പുറപ്പാട് 3:6 പറയുന്നു, "ഞാൻ അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി, നിന്റെ പിതാവിന്റെ ദൈവം ആകുന്നു എന്നും അവൻ അരുളിച്ചെയ്തു. മോശെ ദൈവത്തെ നോക്കുവാൻ ഭയപ്പെട്ടു മുഖം മറച്ചു." ഈ വാക്ക് ഫറവോനോട് സംസാരിച്ചതായിരുന്നില്ല; ഇത് ദൈവജനമായ യിസ്രായേൽമക്കളോടു സംസാരിച്ചതായിരുന്നു (പുറ. 3:15-16). ദൈവം തന്റെ ജനത്തോട് സംസാരിച്ചപ്പോൾ അവൻ അവനെത്തന്നെ അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം എന്നു വിളിച്ചു. എന്നാൽ കർത്താവ് ഫറവോനോട് സംസാരിക്കുമ്പോൾ സംഭവിക്കുന്ന വ്യത്യാസം ശ്രദ്ധിക്കുക. "യഹോവ പിന്നെയും മോശെയോടു കല്പിച്ചത്: നീ ഫറവോന്റെ അടുക്കൽ ചെന്ന് അവനോടു പറയേണ്ടത് എന്തെന്നാൽ: എബ്രായരുടെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയയ്ക്ക." (പുറ. 9:1, 13; 7:16). ദൈവം ഫറവോനോട് സംസാരിച്ചപ്പോൾ അവൻ അവനെത്തന്നെ "എബ്രായരുടെ ദൈവം" എന്ന് വിളിച്ചു. കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "ഫറവോനേ, ഞാൻ എബ്രായരുടെ ദൈവമാണെന്ന് നിനക്കറിയില്ലേ? ഞാൻ നദി മുറിച്ചുകടക്കുന്നവരുടെയെല്ലാം ദൈവമാണ്. എന്റെ ജനം പോകട്ടെ. മരുഭൂമിയിൽ എന്നെ സേവിക്കുന്നതിനായി അവർ ചെങ്കടൽ മുറിച്ചുകടക്കട്ടെ. ഫറവോനേ, ഞാൻ എബ്രായരുടെ ദൈവമാണെന്ന് നീ തിരിച്ചറിയണം." നമ്മുടെ ദൈവം "എബ്രായരുടെ ദൈവം"

ആണ്. നമ്മുടെ ദൈവം "എബ്രായരുടെ ദൈവം" ആണെന്നും നാം എബ്രായരാണെന്നും നാം വെള്ളത്തിലൂടെ കടന്നുപോയവരാണെന്നും ലോകത്തോട് പ്രഖ്യാപിക്കണം. നോഹയെയും അബ്രാഹാമിനെയും യിസ്രായേൽ മക്കളെയുംപോലെ നാമും വെള്ളത്തിലൂടെ കടന്നുപോയവരാണ്.

യിസ്രായേൽമക്കൾ മിസ്രയീംദേശത്തിൽ പഴയവരായിത്തീർന്നപ്പോൾ ദൈവം പെസഹയോടൊപ്പം അവർക്ക് ഒരു പുതിയ തുടക്കം നൽകി (പുറ. 12:1-2). ആഭ്യന്തര കലണ്ടറിൽ നിന്ന് വിശുദ്ധ കലണ്ടറിലേക്ക് മാറ്റിക്കൊണ്ട് ദൈവം അവരുടെ കലണ്ടർ പോലും മാറ്റി. ആഭ്യന്തര കലണ്ടർ അനുസരിച്ച്, പെസഹ ഏഴാം മാസത്തിലായിരുന്നു, എന്നാൽ ദൈവം അതിനെ ഒന്നാം മാസം എന്ന് വിളിച്ചു. അത് വർഷത്തിന്റെ തുടക്കമായിരുന്നു, ഒരു പുതിയ തുടക്കമായിരുന്നു. തൽഫലമായി, ജനം പുതിയവരും പുതുമയുള്ളവരുമായിത്തീർന്നു. അവർ വെള്ളം മുറിച്ചുകടന്ന് മരുഭൂമിയിൽ പ്രവേശിക്കുകയും, അവിടെ ഒരു പുതിയ ജനമായി, ഒരു പുതിയ രീതിയിൽ ദൈവത്തിന്റെ കൂടാരം പണിയുകയും ചെയ്തു. എന്നാൽ, നാല്പതു വർഷത്തിനുശേഷം, അവർ പഴയവരായിത്തീരുകയും, ഒരിക്കൽക്കൂടെ നദി മുറിച്ചുകടക്കേണ്ട ആവശ്യമുണ്ടായിരിക്കുകയും ചെയ്തു. ഒന്നാമതായി, അവർ ചെങ്കടൽ മുറിച്ചുകടന്നു: രണ്ടാമതായി, അവർ യോർദ്ദാൻനദി മുറിച്ചുകടക്കുകയും നല്ല ദേശത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. വെള്ളം മുറിച്ചുകടക്കുന്നത് വളരെ അർഥവത്താണ്. യിസ്രായേൽമക്കൾ നല്ല ദേശത്തിലേക്കു വന്നതിനുശേഷം അവർ ദൈവത്തിന്റെ ആലയം പണിതു.

അനേകം തലമുറകൾക്കു ശേഷം യിസ്രായേല്യർ വീണ്ടും പഴയവരായിത്തീർന്നു. അവർ ശത്രുവിനാൽ കൈവശമാക്കപ്പെടുകയും, ആലയംപോലും അതിലെ എല്ലാ സേവനങ്ങളോടുംകൂടെ ദൈവത്തിന്റെ ശത്രുവിനാൽ ഉപയോഗിക്കപ്പെടുകയും കവർന്നെടുക്കപ്പെടുകയും കൈവശമാക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്തു. പെട്ടെന്ന്, യിസ്രായേല്യരെ അത്ഭുതപ്പെടുത്തിക്കൊണ്ട്, യോഹന്നാൻ സ്നാപകൻ പ്രത്യക്ഷപ്പെടുകയും മാനസാന്തരപ്പെടുവാൻ അവരോട് പറയുകയും ചെയ്തു (മത്താ 3:5-6). യോഹന്നാൻ സ്നാപകൻ എന്തു ചെയ്തു? നദി മുറിച്ചുകടക്കുവാൻ അവൻ അവരെ സഹായിച്ചു. അവരുടെ പഴമയിൽ നിന്ന്, പഴയ, മതപരമായ, യെഹൂദ്യദേശത്തുനിന്ന്, പുറത്തുവരുവാൻ അവൻ അവരെ സഹായിച്ചു. നദി മുറിച്ചുകടന്ന് ഒരു യഥാർഥ എബ്രായനാകുവാൻ അവൻ അവരോടു പറഞ്ഞു. മാനസാന്തരപ്പെട്ട പരീശന്മാർക്കും യെഹൂദന്മാർക്കും സ്നാനത്തിന്റെ യഥാർഥ അർഥം അതായിരുന്നു. അവരുടെ പഴയ മതപരമായ ദേശത്തിൽ നിന്ന് ഒരു പുതിയ പ്രദേശത്തിലേക്ക്

അവർ സ്നാനപ്പെട്ടു. ആ സ്നാനം ഒരു വേർപെടലായിരുന്നു. "ഒരിക്കൽ ഞങ്ങൾ നദിയുടെ മറുവശത്തായിരുന്നു, എന്നാൽ ഇപ്പോൾ ഞങ്ങൾ ഈ ഭാഗത്താണ്" എന്ന് സ്നാനമേറ്റശേഷം അവർക്കു പറയുവാൻ കഴിഞ്ഞു.

അനേകർക്കും സ്നാനത്തെക്കുറിച്ചുള്ള ഈ ധാരണ ഉണ്ടായിട്ടില്ല. സ്നാനം നിങ്ങളെ ഒരു യഥാർഥ എബ്രായനാക്കുന്നു, കാരണം ഒരു എബ്രായൻ വെള്ളം മുറിച്ചുകടക്കുന്ന ഒരുവനാണ്. നിങ്ങൾ വെള്ളം മുറിച്ചുകടന്നുവോ? "അതെ, ഞാൻ ഇരുപത്തഞ്ചു വർഷം മുമ്പ് സ്നാനജലം മുറിച്ചുകടന്നു" എന്ന് നിങ്ങൾ പറയുമായിരിക്കും. നിങ്ങൾ ഇപ്പോൾ എങ്ങനെയാണ്? നിങ്ങൾ ഇപ്പോഴും പുതുമയുള്ളവരും പുതിയവരുമാണോ? ഉപദേശപരമായി, വെള്ളത്തിൽ കുഴിച്ചിടുന്ന കാര്യമല്ല ഞാൻ പഠിപ്പിക്കുന്നത്, എന്നാൽ അനുഭവപരമായി വെള്ളത്തിൽ അടക്കപ്പെട്ടിരിക്കുവാൻ നിങ്ങൾ എല്ലാവരെയും ഞാൻ ഉത്സാഹിപ്പിക്കുന്നു. നിങ്ങൾ രക്ഷിക്കപ്പെടുകയും സ്നാനമേൽക്കുകയും ചെയ്തശേഷം വർഷങ്ങളോളം മരുഭൂമിയിൽ അലഞ്ഞുനടക്കുകയും പഴയവരായിത്തീരുകയും ചെയ്തു. നിങ്ങൾ ചെങ്കടൽ മുറിച്ചുകടന്നിട്ടുണ്ടെങ്കിലും, ഇപ്പോൾ യോർദ്ദാൻ നദി മുറിച്ചുകടക്കണം. ഈ വെള്ളം മുറിച്ചുകടക്കൽ വളരെ അർഥവത്താണ്. യിസ്രായേൽ മക്കളെ ഒരിക്കൽകൂടി പരിഗണിക്കുക. ചെങ്കടലിലെ ആദ്യത്തെ വെള്ളം മുറിച്ചുകടക്കൽ അവരെ മിസ്രയീമിൽനിന്നു വിടുവിച്ചു. യോർദ്ദാന്റെ രണ്ടാമത്തെ വെള്ളം മുറിച്ചുകടക്കൽ അവരെ മരുഭൂമിയിൽ അലയുന്നതിൽനിന്ന് വിടുവിച്ച് നല്ല ദേശത്തിലേക്ക് കൊണ്ടുവന്നു. ക്രിസ്ത്യാനികൾ പുനഃസ്നാനമേൽക്കരുതെന്നും പുതിയനിയമമനുസരിച്ച് ഒരിക്കൽ മാത്രമേ സ്നാനമേൽക്കാവൂ എന്നും അവകാശപ്പെടുന്ന പരമ്പരാഗത ഉപദേശത്തെ മറന്നുകളയുക. എത്ര തവണ എന്നത് നിങ്ങളുടെ യഥാർഥ സാഹചര്യത്തെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ ഒരിക്കലും സാത്താനാൽ കൈവശമാക്കപ്പെട്ട ഒരു ദേശത്തിൽ ആയിരുന്നില്ലെങ്കിൽ, നിങ്ങൾ ഒരിക്കൽപോലും സ്നാനമേൽക്കേണ്ട ആവശ്യമില്ല. നിങ്ങൾ എല്ലായ്പ്പോഴും സ്വർഗത്തിലായിരുന്നുവെങ്കിൽ, നിങ്ങൾ ഒരിക്കലും സ്നാനപ്പെടേണ്ടതില്ല. എന്നാൽ, നിങ്ങൾ മിസ്രയീമിലേക്ക് വീണുപോയതിനാൽ തീർച്ചയായും ചെങ്കടൽ മുറിച്ചുകടക്കേണ്ടത് ആവശ്യമാണ്. ചെങ്കടൽ മുറിച്ചുകടന്നശേഷം നിങ്ങൾ ഉടനെ നല്ല ദേശത്തിലേക്ക് പ്രവേശിക്കുകയാണെങ്കിൽ, നിങ്ങൾ യോർദ്ദാൻ നദി മുറിച്ചുകടക്കേണ്ട ആവശ്യമില്ല. എന്നാൽ നിങ്ങൾ ഉടനെ നല്ല ദേശത്ത് പ്രവേശിച്ചില്ല. നിങ്ങൾ ഒരു നിശ്ചിത സമയത്തേക്ക് മരുഭൂമിയിൽ അലഞ്ഞുനടന്നു. ആ അലയലിനുശേഷം നിങ്ങൾ പഴയവനായിത്തീർന്നു. ഇപ്പോൾ, നിങ്ങൾ വളരെ പഴയവനായതുകൊണ്ട്, നല്ല ദേശത്തിലേക്കു പ്രവേശിക്കുന്നതിനു

മുമ്പ് നിങ്ങൾ ഒരു നദി മുറിച്ചുകടക്കണം. നിങ്ങൾ നദി മുറിച്ചു കടക്കേണ്ടത് ആവശ്യമാണ്. ഈ ദൂതു വായിക്കുമ്പോൾ നിങ്ങൾ ഇപ്പോഴും പഴയവനാണെങ്കിൽ, ഒരു എബ്രായനായി നിങ്ങൾ പുതുക്കപ്പെടേണ്ടതാവശ്യമാണ്. നിങ്ങൾ നദി മുറിച്ചുകടക്കേണ്ടത് ആവശ്യമാണ്.

വെളിപ്പാട് 15:2-ൽ, നാം ഒരു പ്രത്യേകതരം കടൽ, തീ കലർന്ന കണ്ണാടിക്കടൽ കാണുന്നു. ഈ കടലിൽ വെള്ളം മാത്രമല്ല, തീയും ഉണ്ട്. വീണുപോയതും ശിക്ഷ വിധിക്കപ്പെട്ടതുമായ സൃഷ്ടിയുടെമേൽ ദൈവം തന്റെ ന്യായവിധി നടപ്പാക്കിയപ്പോൾ അവൻ ആദ്യം അത് വെള്ളത്താൽ ചെയ്തു. ആദാമിനു മുമ്പുള്ള ലോകം വെള്ളത്താൽ ന്യായംവിധിക്കപ്പെട്ടുവെന്ന് ഉല്പത്തി 1:2 വെളിപ്പെടുത്തുന്നു. നോഹയുടെ കാലത്തെ ലോകവും വെള്ളത്താൽ ന്യായംവിധിക്കപ്പെട്ടു. വെള്ളം ദൈവത്തിന്റെ ന്യായവിധിയായിരുന്നു. നോഹയുടെ കാലത്തെ പ്രളയത്തിന്റെ ന്യായവിധിക്കുശേഷം ദൈവം തന്റെ ന്യായവിധി വെള്ളത്തിൽ നിന്ന് തീയിലേക്കു മാറ്റി. അങ്ങനെ, സൊദോമും ഗൊമോറയും പ്രളയത്തിൽ മുങ്ങിയില്ല, കത്തിയെരിഞ്ഞു (ഉൽ. 19:24). അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും തീയാൽ ന്യായംവിധിക്കപ്പെട്ടു (ലേവ്യ. 10:1-2). ആത്യന്തികമായി, പ്രതിലോമപരമായ സകല കാര്യങ്ങളും തീപ്പൊയ്കയിലേക്ക് ഒഴുകിപ്പോകും (വെളി. 20:14-15). വീണുപോയ സൃഷ്ടിയുടെയും, വീണുപോയ ലോകത്തിന്റെയും വീണുപോയ മനുഷ്യന്റെയും മേലുള്ള ദൈവത്തിന്റെ ന്യായവിധി, തീയുടെയും വെള്ളത്തിന്റെയും ഒരു സമ്മിശ്രമാണ്. ഇക്കാരണത്താൽ, വെളിപ്പാട് 15-ൽ നമുക്ക് തീ കലർന്ന കണ്ണാടിക്കടലിന്റെ ദർശനമുണ്ട്. ആത്യന്തികമായി, തീ കലർന്ന ഈ കണ്ണാടിക്കടൽ തീപ്പൊയ്കയിൽ പര്യവസാനിക്കും.

കണ്ണാടിക്കടൽ ദൈവസിംഹാസനത്തിനു മുന്നിലാണ് (വെളി 4:6). തീയുമായി കലർന്ന കണ്ണാടിക്കടലിന്റെ ദർശനത്തിൽ ജയാളികൾ സമുദ്രത്തിന്മേൽ നിൽക്കുന്നതായി കാണിക്കുന്നു. ദൈവത്തിന്റെ ശത്രുവിനെ ജയിച്ചവർ കണ്ണാടിക്കടലിന്മേൽ നിൽക്കും. അവർ വെള്ളം മുറിച്ചുകടന്നവരാണെന്ന് ഇതു സൂചിപ്പിക്കുന്നു. അവരെല്ലാവരും കടൽ കടന്നിരിക്കുന്നു. നിത്യതയോളം അവർ യഥാർഥ വെള്ളം കടക്കുന്നവർ, യഥാർഥ എബ്രായർ ആയിരിക്കും. നിങ്ങൾ എവിടെയാണ്? നിങ്ങൾ കണ്ണാടിക്കടലിന്മേലാണെന്നു പറയുവാൻ നിങ്ങൾക്കു കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. നാം ആകുന്നു എബ്രായർ. നാം കടൽ കടന്നിരിക്കുന്നു. ഞാൻ വെള്ളം കടന്നുവെന്ന പൂർണ ഉറപ്പ് എനിക്കുണ്ട്. ഞാൻ മറുവശത്തല്ല. എന്റെ പൂർവ പിതാവ് മറുകര കടക്കുകയും, ഞാൻ അവനെ അനുഗമിക്കുകയും ചെയ്തിരിക്കുന്നു. ഞാൻ ഇപ്പോൾ കണ്ണാടിക്കടലിന്മേലും, എല്ലാ പ്രതിലോമ

കാര്യങ്ങളും എന്റെ പാദത്തിനടിയിലുമാണ്. യിസ്രായേൽമക്കൾ ചെങ്കടൽ കടന്ന് കടൽത്തീരത്തു നിന്നതുപോലെ ജയാളികൾ കണ്ണാടിക്കടലിന്മേൽ ആയിരിക്കും. യിസ്രായേല്യർ ചെങ്കടൽ കടന്നപ്പോൾ അവർ തിരിഞ്ഞുനോക്കുകയും ഫറവോനും അവന്റെ സകല സൈന്യവും കടലിൽ മുങ്ങിമരിച്ചുവെന്ന് കാണുകയും ചെയ്തു. ചെങ്കടൽ കടക്കുകയും മോശെയുടെ പാട്ടു പാടുകയും ചെയ്ത യിസ്രായേല്യരെപ്പോലെ നാമും (പുറ. 15:1) കുഞ്ഞാടിന്റെ പാട്ടു പാടും (വെളി. 15: 3). ഒരു ദിവസം നാം കണ്ണാടിക്കടലിന്മേൽ ആയിരുന്നുകൊണ്ട് താഴേക്കു നോക്കുകയും സകല ലൗകിക കാര്യങ്ങളെയും കടൽക്കീഴെ കാണുകയും ചെയ്യും. ഭാവിയിൽ ഇത് സംഭവിക്കുമെന്ന് എനിക്കറിയാമെങ്കിലും, അത് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഞാൻ പ്രത്യാശിക്കുന്നു. നാമെല്ലാവരും ഇവിടെ കണ്ണാടിക്കടലിന്മേലാണ്. നാം ആകുന്നു വെള്ളം കടക്കുന്ന എബ്രായർ.

നാം യഥാർഥ എബ്രായർ ആയതുകൊണ്ട് എബ്രായലേഖനം നമുക്കുള്ളതാണ്. യെഹൂദ വിശ്വാസികൾ മാത്രമാണ് എബ്രായർ എന്ന് ചിന്തിക്കരുത്. നാമും എബ്രായരാണ്. നാം എബ്രായരും, ഈ മനോഹരമായ പുസ്തകം നമുക്കുവേണ്ടിയും ആകുന്നു. നിങ്ങൾ ലൗകികനായിരിക്കുന്നിടത്തോളം, ഈ പുസ്തകം സ്വീകരിക്കുന്നതിൽ നിങ്ങൾ അയോഗ്യനാകുന്നു. നിങ്ങൾ ഒരു ലോകവാസിയായി സ്വയം കരുതുന്നിടത്തോളം, നിങ്ങളെ സംബന്ധിച്ചിടത്തോളം എബ്രായലേഖനം കഴിഞ്ഞുപോയിരിക്കുന്നു. ഈ പുസ്തകം എബ്രായർക്കു മാത്രമുള്ളതാണ്. നാം യഥാർഥ എബ്രായർ ആയതിനാൽ, നമുക്കുവേണ്ടി എഴുതപ്പെട്ട ഒരു പുസ്തകമെങ്കിലും വേദപുസ്തകത്തിൽ ഉണ്ട്. ഞാൻ തിമൊഥെയോസോ തീത്തൊസോ അല്ല, ഞാൻ ഒരു യഥാർഥ എബ്രായനാണ്. നാം എല്ലാവരും എബ്രായരാണ്. ഏറ്റവും അഗാധവും സമ്പന്നവും ആഴമേറിയതുമായ പുസ്തകമാണ് നമുക്കുള്ളത് എന്നതുകൊണ്ട് നാം എത്രമാത്രം കർത്താവിന് നന്ദി പറയണം! മറ്റൊരു പുസ്തകവും എബ്രായലേഖനത്തെക്കാൾ അഗാധമല്ല. ദൈവം തന്റെ എബ്രായരെ സ്നേഹിക്കുന്നു. നാം നദി മുറിച്ചുകടന്നു, നാം കണ്ണാടിക്കടലിന്മേലാണ്. നാം നദി മുറിച്ചുകടന്നതിനാൽ ഇങ്ങനെയുള്ള അത്ഭുതകരമായ ഒരു പുസ്തകം മനസ്സിലാക്കുവാൻ നമുക്കു കഴിയും. നമ്മുടെ ദൈവം ഇങ്ങനെയുള്ള ഒരു പുസ്തകം നമുക്ക് എഴുതിയിരിക്കുന്നു.

Mon ഇന്ന് നമ്മുടെ നല്ല ദേശം കനാൻ അല്ല; അത് അതിവിശുദ്ധസ്ഥലമാണ്. നാം ഇപ്പോൾ അതിവിശുദ്ധസ്ഥലത്തിലാണ്. നമ്മുടെ വെള്ളം മുറിച്ചുകടക്കൽ നമ്മെ അതിവിശുദ്ധസ്ഥലത്തേക്ക് കൊണ്ടുവന്നിരിക്കുന്നു. ഇതാണ് നമ്മുടെ വിശുദ്ധദേശം. എവിടെയാണ് ഈ വിശുദ്ധദേശം, ഈ അതിവിശുദ്ധസ്ഥലം? അത്

സ്വർഗത്തിലും നമ്മുടെ ആത്മാവിലും ഉണ്ട്. നമ്മുടെ ആത്മാവിനും സ്വർഗത്തിനും ഇടയിൽ മനുഷ്യപുത്രനായ ക്രിസ്തു എന്ന ഗോവണി ഉണ്ട്. അവൻ നമ്മുടെ ആത്മാവിനെ സ്വർഗത്തോടു ബന്ധിപ്പിക്കുകയും സ്വർഗത്തെ നമ്മുടെ ആത്മാവിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നു. ഇവിടെ നമുക്ക് ദൈവത്തിന്റെ ഭവനമായ ബെഥേൽ ഉണ്ട് (ഉൽ. 28:10-22). ഇവിടെയാണ് നമ്മുടെ ദൈവത്തിന്റെ വാസസ്ഥലം (എഫെ. 2:22). ഇതാണ് സഭാജീവിതം. ഇതാണ് നമ്മുടെ നല്ലദേശം.

സമാഗമന കൂടാരത്തെ നോക്കുക. അതിനുമുന്നിൽ ഒരു തൊട്ടി, ഒരു ചെറിയ കടൽ ഉണ്ട് (പുറ. 30:18). ആലയത്തിനു മുന്നിൽ പത്തു തൊട്ടികളോടുകൂടെയുള്ള ഒരു താമ്രക്കടൽ ഉണ്ടായിരുന്നു (1 രാജാ. 7:23, 27). കൂടാരത്തിനു മുന്നിലുള്ള തൊട്ടിയും ആലയത്തിനു മുന്നിലുള്ള പത്തു തൊട്ടികളോടുകൂടെയുള്ള താമ്രക്കടലും സൂചിപ്പിച്ചത് അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിച്ച സകല ജനവും വെള്ളം മുറിച്ചുകടക്കണം എന്നാണ്. ഒടുവിൽ, പ്രപഞ്ചത്തിൽ ദൈവത്തിന്റെ ആലയത്തിനു മുന്നിൽ ഒരു കണ്ണാടിക്കടൽ ഉണ്ടെന്ന് വെളിപ്പാട് 15 നമ്മോടു പറയുന്നു. ദൈവസന്നിധിയിൽ വരുന്ന എല്ലാവരും ആ കടലിലൂടെ കടന്നുപോയിരിക്കുന്നു. നാം അങ്ങനെയുള്ള ഒരു ജനമാണ്. നാം ലോകത്തിലല്ല, നാം മതത്തിലുമല്ല. നാം യെഹൂദമതത്തിലോ കത്തോലിക്കാമതത്തിലോ പ്രൊട്ടസ്റ്റന്റ് മതത്തിലോ അല്ല. നാം അതിവിശുദ്ധസ്ഥലത്തിലാണ്. നാം ദൈവത്തിന്റെ വാസസ്ഥലത്തിൽ, ദൈവത്തിന്റെ ഭവനത്തിലാണ്. അത് സ്വർഗത്തിലും നമ്മുടെ ആത്മാവിലുമാണ്. അവയെ ബന്ധിപ്പിക്കുന്ന സ്വർഗീയ ഗോവണിയാണ് ക്രിസ്തു. ഹല്ലേലൂയാ! ഇവിടെ സ്വർഗം നമുക്ക് തുറന്നിരിക്കുന്നു. ഇപ്പോൾ എബ്രായലേഖനം നമുക്ക് തുറന്നിരിക്കുന്നു എന്നു മാത്രമല്ല, എബ്രായലേഖനത്തിന് നാമും തുറന്നിരിക്കുന്നു. ഇപ്പോൾ ഈ പുസ്തകത്തിന്റെ സമ്പത്ത് സൂക്ഷ്മമായി അന്വേഷിക്കുവാൻ നാം ഒരുക്കമുള്ളവരാണ്.

## B. കർത്താവിൽ വിശ്വസിക്കുകയും തങ്ങളുടെ യെഹൂദമതത്തെ ഇപ്പോഴും പിടിച്ചുകൊള്ളുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു

**ഈ പുസ്തകം തങ്ങൾക്കായി എഴുതപ്പെട്ട എബ്രായർ കർത്താവിൽ വിശ്വസിച്ചുവെങ്കിലും തങ്ങളുടെ യെഹൂദമതത്തെ പിടിച്ചുകൊള്ളുവാൻ അവർ ആഗ്രഹിച്ചു. നിങ്ങൾ ഇതുപോലെയാണോ? അല്ലെന്ന് നിങ്ങൾക്ക് ശക്തമായി പറയുവാൻ കഴിയുമോ? നിങ്ങൾ ഇപ്പോഴും ചിലതിനെ പിടിച്ചുകൊള്ളുന്നുവെന്ന് ഞാൻ ആശങ്കപ്പെടുന്നു. ഒരുപക്ഷേ നിങ്ങൾ മുൻകാലങ്ങളിലുള്ള നിങ്ങളുടെ നല്ല അനുഭവങ്ങളെ, നല്ല ദേശമല്ലാത്ത ഒരു കാര്യത്തെ**

മുറുകെപ്പിടിക്കുന്നുണ്ടാകും. മുഴുവൻ പ്രപഞ്ചത്തെ കണക്കിലെടുക്കുമ്പോൾ, കനാൻ ഒരു ചെറിയ ഇടം മാത്രമാണ്. നിങ്ങൾ ദശലക്ഷക്കണക്കിന് സ്ഥലങ്ങളിൽ ആയിരിക്കാം, എന്നാൽ ആ സ്ഥലത്ത് ഇല്ലായിരിക്കും. അതുപോലെ, നിങ്ങൾ ദശലക്ഷക്കണക്കിന് കാര്യങ്ങളിൽ ആയിരിക്കാം, എന്നാൽ ക്രിസ്തു എന്ന ശരിയായ സ്ഥലത്തല്ലായിരിക്കും. നിങ്ങൾ നിശ്ചയമായും പൂർണമായും ആസകലമായും ക്രിസ്തുവിനുവേണ്ടി അല്ലാത്തിടത്തോളം, നിങ്ങൾ അപ്പോഴും ചിലതിനെ പിടിച്ചുകൊള്ളുന്നു. നിങ്ങളിൽ അനേകർക്കായി ഞാൻ ആശങ്കാകുലനാണ്. ക്രിസ്തുവല്ലാത്ത മറ്റെന്തിനെയെങ്കിലും നിങ്ങൾ ഇപ്പോഴും മുറുകെ പിടിക്കുന്നു. അത് നല്ലതായിരിക്കാം, വളരെ നല്ലതുപോലും ആയിരിക്കാം, എന്നാൽ അത് ക്രിസ്തു അല്ല. നിങ്ങൾ വീണ്ടും നദി മുറിച്ചുകടക്കേണ്ടത് ആവശ്യമാണ്. നദി മുറിച്ചുകടന്ന് അടക്കപ്പെട്ടിരിക്കുക.

## C. മഹാപുരോഹിതനാലും സദൂക്യര്യാലും പരീശന്മാരാലും ഉപദ്രവിക്കപ്പെടുന്നു

A.D. 63-ൽ, യെരൂശലേമിൽ യെഹൂദമതത്തിലെ മഹാപുരോഹിതന്മാരിൽ ഒരുവനായിരുന്ന അനന്യാസ്, എബ്രായരെ ഉപദ്രവിക്കുവാൻ സദൂക്യരോടും പരീശന്മാരോടും കൂടെ എഴുന്നേറ്റു. അക്കാലത്ത് ആ പ്രിയപ്പെട്ട എബ്രായർ കർത്താവായ യേശുവിനെ വിലമതിച്ചിരുന്നുവെങ്കിലും, അവരുടെ പഴയ മതത്തെ ഉപേക്ഷിക്കാൻ അവർക്ക് മനസ്സില്ലായിരുന്നു. ഒടുവിൽ, അതിൽനിന്ന് അവരെ പുറത്താക്കുവാൻ നിർബന്ധിക്കുന്ന ഒരു സാഹചര്യം കർത്താവ് പരമാധികാരത്തിൽ സൃഷ്ടിച്ചു. അവർക്ക് പുറത്തുപോകുവാൻ മനസ്സില്ലാതിരുന്നുവെങ്കിൽ, അവരെ നിർബന്ധിച്ച് പുറത്താക്കുമായിരുന്നു. ഒരുപക്ഷേ മഹാപുരോഹിതൻ ഇങ്ങനെ പറഞ്ഞിരിക്കണം, "ഞങ്ങളോടൊപ്പം ഇവിടെ തുടരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ഞങ്ങളെപ്പോലെ ആയിരിക്കണം. ഇങ്ങനെയുള്ള ഒരു ക്രിസ്ത്യാനി ആയിരിക്കരുത് — ഒരു യെഹൂദനായിരിക്കുക. ശരിയായ ഒരു യെഹൂദനായിരിക്കുക. നിങ്ങൾക്ക് ഒരു ക്രിസ്ത്യാനിയായിരിക്കണമെങ്കിൽ പുറത്തുകടക്കുക!"

ചില സമയങ്ങളിൽ നമ്മുടെ അനുഭവവും ഇങ്ങനെ തന്നെയാണ്. ഒരു വശത്ത്, സഭാജീവിതത്തെ നാം വിലമതിച്ചേക്കാം; മറുവശത്ത്, പഴയ കാര്യങ്ങൾ ഉപേക്ഷിക്കുവാൻ നാം മനസ്സില്ലാത്തവരായിരിക്കാം. നാം ആയിരിക്കുന്നിടത്ത് നാം തങ്ങിയേക്കാം. 1925-ലെ ശരത്കാലത്തും ശൈത്യകാലത്തും എന്റെ കണ്ണുകൾ തുറക്കപ്പെടുകയും ഞാൻ സഭയെ കാണുകയും ചെയ്തു. എങ്കിലും, ആ വെളിച്ചത്തെ ഞാൻ മനസ്സോടെയും വേഗത്തിലും അനുസരിച്ചില്ല. ഞാൻ അലഞ്ഞുനടന്നു. രണ്ടു

വർഷങ്ങൾക്കുശേഷം, മുമ്പ് ഞാൻ കൂടിവന്നിരുന്ന ചില വിശുദ്ധന്മാർ എഴുന്നേൽക്കുകയും ഇങ്ങനെ പറയുകയും ചെയ്തു, "നിനക്ക് ഞങ്ങളോടുകൂടെ തുടരണമെങ്കിൽ ഞങ്ങളെപ്പോലെയായിരിക്കുക. മറ്റൊന്നായിരിക്കരുത്. ഞങ്ങളെപ്പോലെയായിരിക്കുവാൻ നീ ആഗ്രഹിക്കുന്നില്ലെങ്കിൽ പുറത്തുകടക്കുക!" അത് വലിയ ഒരു സഹായമായിരുന്നു, അതിന് ഞാൻ നന്ദിയുള്ളവനാകുന്നു. ഞാൻ പുറത്തിറങ്ങി.

ചില വിശുദ്ധന്മാർ ക്രിസ്തുവിന്റെ യാഥാർത്ഥ്യം കാണുകയും സഭാജീവിതം ശരിയാണെന്ന് മനസ്സിലാക്കുകയും ചെയ്തേക്കാം. എങ്കിലും, അവർക്ക് ഒരു ചെറിയ "എന്നാൽ" ഉണ്ട്. ആ "എന്നാൽ" കുറുക്കന്റെ വാൽ ആണ്. അവർ മുന്നോട്ട് പോകാൻ ആഗ്രഹിക്കുന്നുവെങ്കിലും ആരോ അവരുടെ വാൽ പിടിക്കുന്നു. അവർക്ക് സഭാജീവിതം ഉണ്ടായിരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിലും, എന്തോ ഒന്ന് കൗശലത്തോടെ അവരുടെ വാൽ പിടിക്കുന്നു. എന്നിരുന്നാലും, സാത്താനുപോലും ഒരു പരിധി, ഒരു സമയപരിധി ഉണ്ട്. ഒരു നിശ്ചിത കാലത്തേക്കു മാത്രമേ അവന് നിങ്ങളുടെ വാൽ പിടിക്കുവാൻ കഴിയുകയുള്ളൂ. ഒടുവിൽ, മതപരമായ ആളുകൾ പറയും, "നിനക്ക് ഒരു യഥാർഥ തിരിവ് ഉണ്ടായിരിക്കണം, അല്ലെങ്കിൽ ഞങ്ങൾ നിന്നെ പുറത്താക്കും. നിനക്ക് ഞങ്ങളോടൊപ്പം ആയിരിക്കണമെങ്കിൽ നീ ഞങ്ങളെപ്പോലെ ആയിരിക്കണം. ഇല്ലെങ്കിൽ പുറത്തുപോകുക!"

ആ എബ്രായ ക്രിസ്ത്യാനികൾ വസ്തുവമായി ആ ഉപദ്രവത്തിൻകീഴിൽ കഷ്ടം സഹിച്ചു. യെഹൂദ മതവിശ്വാസികൾ അവരുടെ സ്വത്തുക്കൾ കൊള്ളയടിക്കുകയും അവരുടെ ജീവനെ ഭീഷണിപ്പെടുത്തുകയും ചെയ്തു (10:34). എബ്രായ വിശ്വാസികൾ അസ്വസ്ഥരാക്കപ്പെട്ടു. ഒരുപക്ഷേ ആ എബ്രായർ സ്വയം പറഞ്ഞുകാണും, "ക്രിസ്തുവിനെ അനുഗമിക്കുന്നത് ശരിയാണെങ്കിൽ, ദൈവം തീർച്ചയായും നമുക്ക് അവന്റെ അനുഗ്രഹം നൽകും. എന്നാൽ ഈ ഉപദ്രവം റോമാക്കാരിൽ നിന്നോ വിജാതീയരിൽ നിന്നോ അല്ല വരുന്നത്; അതു വരുന്നത് ദൈവജനത്തിന്റെ വിശുദ്ധ സമിതിയായ സൻഹെദ്രിനിൽ നിന്നാണ്. അവർക്ക് തെറ്റുപറ്റുമോ? ഒരുപക്ഷെ ഞങ്ങൾക്കായിരിക്കാം തെറ്റുപറ്റിയത്." എബ്രായ സഹോദരന്മാർ വിഷമത്തിലാകുകയും അലയുവാൻ തുടങ്ങുകയും ചെയ്തു. പത്രൊസും പൗലൊസും പ്രസംഗിച്ചതും സംസാരിച്ചതും തെറ്റായിരുന്നുവെന്ന് അവർക്ക് പറയാനാവില്ല; ആലയമോ, വിശുദ്ധമന്ദിരമോ തെറ്റാണെന്നും അവർക്ക് പറയാൻ കഴിയില്ല. മുന്നോട്ട് പോകണമോ പിൻവാങ്ങണമോ എന്ന് തീരുമാനിക്കുവാനുള്ള പ്രയാസം നിമിത്തം അവർ ചിന്താക്കുഴപ്പത്തിലായി. ഈ ഘട്ടത്തിലായിരുന്നു എബ്രായലേഖനം അവർക്കായി എഴുതപ്പെട്ടത്.

## D. ഈ പുസ്തകം എഴുതിയത് ക്രിസ്തീയ വിശ്വാസത്തിൽ അവരെ ഉറപ്പിക്കുവാനും, അതിൽനിന്ന് വ്യതിചലിക്കാതിരിക്കുവാനുള്ള മുന്നറിയിപ്പു നല്കുവാനും, അവരുടെ യെഹൂദമതത്തെ ഉപേക്ഷിക്കുവാനുമാണ്

അവർ ഈ ഉപദ്രവത്തിൻകീഴിലും ഈ സാഹചര്യത്തിലും ആയിരിക്കുമ്പോൾ, അവരെ ക്രിസ്തീയ വിശ്വാസത്തിൽ ഉറപ്പിക്കുവാനും, അതിൽനിന്നും വ്യതിചലിച്ചുപോകാതിരിക്കുവാനുള്ള മുന്നറിയിപ്പു നല്കുവാനും, അവരുടെ യെഹൂദമതത്തെ ഉപേക്ഷിക്കുവാനുമാണ് എബ്രായലേഖനം അവർക്ക് എഴുതിയത്. അലയുകയോ പിൻവാങ്ങുകയോ ചെയ്യാതെ മുന്നോട്ട് പോകുവാൻ അവരോടു പറയാനായിരുന്നു ഈ ലേഖനം അവർക്ക് എഴുതിയത്. അവർ ഇടറുകയോ മടിക്കുകയോ ചെയ്യരുത്. അവർ മുന്നോട്ട് പോയി നദി മുറിച്ചുകടക്കണം. "നിങ്ങൾ എബ്രായരാണ്, എന്നിട്ടും വേർതിരിക്കുന്ന വെള്ളത്തെ മുറിച്ചുകടക്കുവാൻ നിങ്ങൾക്ക് മനസ്സില്ല" എന്ന് പുസ്തകത്തിന്റെ എഴുത്തുകാരൻ പറയുകയായിരുന്നുവെന്നു തോന്നുന്നു. ആ വെള്ളം നിങ്ങളുടെ മുമ്പിലുണ്ട്, നിങ്ങൾ അതിനെ മുറിച്ചുകടക്കണം. ക്രിസ്തു ഇവിടെയില്ല; അവൻ അവിടെയാണ്. അവനാണ് മുൻഗാമി. അവൻ തിരശ്ശീലയ്ക്കുള്ളിലേക്ക് പ്രവേശിച്ചിരിക്കുന്നു. നിങ്ങൾ ഇവിടെ നിൽക്കരുത്. നിങ്ങൾ അവിടെ പോകണം. അവൻ നമ്മുടെ നായകനാണ്, അവൻ മഹത്വത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. നമുക്ക് അവനെ അനുഗമിക്കാം. മഹത്വത്തിലേക്ക് പ്രവേശിക്കുന്നതുവരെ നമുക്ക് പോരാടി മുന്നേറാം. നമുക്ക് കവാടത്തിനു പുറത്തേക്കും പാളയത്തിനു പുറത്തേക്കും പോയി തിരശ്ശീലയ്ക്കുള്ളിലുള്ള കർത്താവിനെ അനുഗമിക്കാം." എബ്രായലേഖനത്തിലെ രണ്ട് സുപ്രധാന ആദർശവാക്യങ്ങൾ "പാളയത്തിന് പുറത്ത്", "തിരശ്ശീലയ്ക്കുള്ളിൽ" എന്നിവയാണ്. എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ അവരോട് പറയുകയായിരുന്നു, "നിങ്ങൾ പാളയത്തിനും തിരശ്ശീലയ്ക്കും ഇടയിൽ ഇടറരുത്. മുന്നോട്ടുപോയി പെട്ടെന്നുതന്നെ തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുക. യേശു പാളയത്തിലോ വഴിയിലോ അല്ല. അവൻ തിരശ്ശീലയ്ക്കുള്ളിലാണ്. നാം അവിടെ അവന്റെ അടുത്തേക്കു പോകണം. അതാണ് നമ്മുടെ ലക്ഷ്യം. നമുക്കെല്ലാവർക്കും പോകാം!" ക്രിസ്തു തിരശ്ശീലയ്ക്കുള്ളിലാണ്. നാം നമ്മുടെ ആത്മാവിലേക്ക് കടക്കുമ്പോൾ, അലഞ്ഞുതിരിയുന്ന മനസ്സിൽ നിന്ന് നാം നദി മുറിച്ചുകടക്കുകയും തിരശ്ശീലയിലൂടെ കടന്ന് അതിവിശുദ്ധസ്ഥലത്തേക്കു വരുകയും ചെയ്യുന്നു. ഇടറുന്ന എബ്രായ വിശ്വാസികളെ യഥാർഥ ക്രിസ്തീയ വിശ്വാസത്തിൽ ഉറപ്പിക്കുവാനും അതിൽനിന്ന് വ്യതിചലിക്കാതിരിക്കാനുള്ള മുന്നറിയിപ്പ് നൽകുവാനുമാണ് എബ്രായർക്ക് ലേഖനം എഴുതിയത്. അവരുടെ യെഹൂദമതത്തെ അവർ ഉപേക്ഷിക്കണമായിരുന്നു.

## II. ഉള്ളടക്കം

### A. സ്വർഗീയ ക്രിസ്തു, ഇപ്പോഴത്തെ ക്രിസ്തു, ഇപ്പോഴുള്ള ക്രിസ്തു, ഇന്നത്തെ ക്രിസ്തു

എല്ലാ അനുലോമ കാര്യങ്ങളും സ്വർഗീയമാണെന്ന ആശയം ഉൾക്കൊള്ളുന്ന ഈ പുസ്തകം സ്വർഗത്തിലിരിക്കുന്ന ക്രിസ്തുവിലേക്കു വിരൽ ചൂണ്ടുന്നു. സുവിശേഷങ്ങളിലുള്ളത് ഭൂമിയിൽ ജീവിക്കുകയും വീണ്ടെടുപ്പിന്റെ നിർവഹണത്തിനു വേണ്ടി ക്രൂശിൽ മരിക്കുകയും ചെയ്ത ക്രിസ്തു ആണ്. പ്രവൃത്തികളിലുള്ളത് ഉയിർത്തെഴുന്നേൽക്കുകയും ആരോഹണം ചെയ്യുകയും മനുഷ്യർക്ക് പ്രചരിപ്പിക്കപ്പെടുകയും ശുശ്രൂഷിക്കപ്പെടുകയും ചെയ്തവനായ ക്രിസ്തു ആണ്. റോമാലേഖനത്തിലുള്ളത് നീതീകരണത്തിനുള്ള നമ്മുടെ നീതിയും, ശുദ്ധീകരണത്തിനും രൂപാന്തരത്തിനും അനുരൂപീകരണത്തിനും തേജസ്കരണത്തിനും കെട്ടുപണിക്കും വേണ്ടിയുള്ള നമ്മുടെ ജീവനുമായ ക്രിസ്തു ആണ്. ഗലാത്യലേഖനത്തിൽ ന്യായപ്രമാണത്തിനും മതത്തിനും പാരമ്പര്യത്തിനും ആചാരങ്ങൾക്കും എതിരെയുള്ള നമ്മുടെ ജീവിതത്തിനുവേണ്ടിയുള്ള ക്രിസ്തുവാണുള്ളത്. ഫിലിപ്പിയരിലുള്ളത് തന്റെ അവയവങ്ങളിലൂടെ വെളിപ്പെട്ടു ജീവിക്കുന്ന ക്രിസ്തു ആണ്. എഫെസ്യരിലും കൊലൊസ്സ്യരിലും സഭയായ ശരീരത്തിന്റെ ജീവനും ഉള്ളടക്കവും തലയുമായ ക്രിസ്തുവാണുള്ളത്. കൊരിന്ത്യരിലുള്ളത്, പ്രായോഗിക സഭാജീവിതത്തിൽ എല്ലാമായ ക്രിസ്തുവാണ്. തെസ്സലൊനീക്യരിലുള്ളത് തന്റെ മടങ്ങിവരവിനുവേണ്ടിയുള്ള നമ്മുടെ വിശുദ്ധിയായ ക്രിസ്തുവാണ്. തിമൊഥെയൊസിലും തീത്തൊസിലും ഉള്ളത് ദൈവഭവനത്തിൽ നാം ശരിയായി പെരുമാറാനുള്ള ദൈവത്തിന്റെ വ്യവസ്ഥയായ ക്രിസ്തുവാണ്. പത്രൊസിന്റെ ലേഖനങ്ങളിൽ ഉള്ളത് കഷ്ടങ്ങളിലൂടെ ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകൾ നാം സ്വീകരിക്കുന്നതിനുവേണ്ടിയുള്ള ക്രിസ്തുവാണ്. യോഹന്നാന്റെ ലേഖനങ്ങളിലുള്ളത് ദൈവത്തിന്റെ കുടുംബത്തിലുള്ള ദൈവമക്കളുടെ ജീവനും കൂട്ടായ്മയുമായ ക്രിസ്തുവാണ്. വെളിപ്പാടിലുള്ളത് ഈ യുഗത്തിൽ സഭകളുടെ ഇടയിൽ നടക്കുകയും വരുവാൻപോകുന്ന രാജ്യയുഗത്തിൽ ലോകത്തിന്മേൽ ഭരണം നടത്തുകയും നിത്യതയോളം പൂർണ മഹത്വത്തിൽ ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്ന ക്രിസ്തുവാണ്. നമ്മുടെ ശുശ്രൂഷകനും (8:2) നമ്മുടെ മഹാപുരോഹിതനുമായി (4:14-15; 7:26) ഇപ്പോൾ സ്വർഗത്തിലുള്ളവനും, സ്വർഗീയജീവനും കൃപയും അധികാരവും ശക്തിയും നമുക്കു ശുശ്രൂഷിക്കുന്നവനും, ഭൂമിയിൽ ഒരു സ്വർഗീയ ജീവിതം നയിക്കുവാൻ നമ്മെ സഹായിക്കുന്നവനുമായ ഇപ്പോഴത്തെ ക്രിസ്തു ആണ് എബ്രായലേഖനത്തിൽ

ഉള്ളത്. അവൻ ഇപ്പോഴത്തെ ക്രിസ്തുവും, ഇന്നത്തെ ക്രിസ്തുവും, നമ്മുടെ ദൈനംദിന രക്ഷയും, നിമിഷംതോറുമുള്ള സഹായവുമായി സിംഹാസനത്തിലുള്ള ക്രിസ്തുവും ആണ്. ഈ ക്രിസ്തുവിനെയാണ് എബ്രായലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുവിന്റെ ഈ വിവരണം ഞാൻ ഇഷ്ടപ്പെടുന്നു. നിങ്ങളെ സ്വാധീനിക്കുവാനും നിങ്ങൾക്ക് മതിപ്പുളവാക്കുവാനും അവനെ സ്നേഹിക്കുവാൻ നിങ്ങളെ നിർബന്ധിക്കുവാനും ഞാൻ എന്നാലാവോളം ശ്രമിക്കും.

ഇവിടെ ഇതാ ഒരു ചെറിയ ഉദാഹരണം. പ്രഭാതഭക്ഷണത്തിനുവേണ്ടിയുള്ള നമ്മുടെ കോഴിമുട്ടകളെ നോക്കുക. മുട്ടയുടെ പുറംഭാഗം ഒരു തോടും, അകത്ത് ഒരു കോഴിയുടെ യാഥാർഥ്യവും ആണുള്ളത്. നിങ്ങൾ കഴിക്കുന്നതു തോടല്ല, പ്രത്യുത തോടിനുള്ളിലെ കോഴി എന്ന യാഥാർഥ്യത്തെയാണ്. മിക്കപ്പോഴും ഒരു കോഴിക്കുഞ്ഞ് വിരിഞ്ഞുപുറത്തുവരുകയും മുട്ടത്തോട് ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ സംഭവിക്കുമ്പോൾ ആരും മുട്ടത്തോടു തിന്നാറില്ല. മുട്ടത്തോടിനെക്കുറിച്ച് നിങ്ങൾ മറക്കുകയും അതിനെ ചവറ്റുകുട്ടയിലേക്ക് എറിയുകയും ചെയ്യും. ഇത് യെഹൂദമതത്തിന്റെ ഒരു ഉദാഹരണമാണ്. ക്രിസ്തു വരുന്നതിനുമുമ്പ്, യെഹൂദാമതം ഒരു മുട്ടയായിരുന്നു. ഒരു ദിവസം, മുട്ടയിൽ നിന്ന് കോഴി പുറത്തുവന്നു, അതായത് ആ മുട്ടത്തോടിനുള്ളിൽനിന്ന് ക്രിസ്തു പുറത്തുവന്നു. മുമ്പ് കോഴിയും തോടും ഒന്നായിരുന്നു. മുട്ടയിൽ കോഴി ഉണ്ടായിരുന്നതുകൊണ്ട്, ആ സമയത്ത് മുട്ട വിലമതിക്കത്തക്കവണ്ണം മൂല്യമുള്ളതായിരുന്നു. ഒരു ദിവസം യേശു ഉളവാക്കപ്പെട്ടു. തോടിനുള്ളിൽനിന്ന് കോഴി പുറത്തുവന്നു. ഇപ്പോൾ കോഴി ഭൂമിയിൽ നടക്കുകയോ വായുവിൽ പറന്നുയരുകയോ മാത്രമല്ല, അവൻ മൂന്നാമത്തെ സ്വർഗത്തിൽ ഇരിക്കുകയും ചെയ്യുന്നു. കോഴി സ്വർഗത്തിലും, തോട് ഇവിടെ ഭൂമിയിലും ഉണ്ട്. നിങ്ങൾ കോഴിയുടെ അടുക്കൽ പോകണമോ അതൊ തോടോടൊപ്പം ആയിരിക്കണമോ എന്നു സന്ദേഹിച്ചുകൊണ്ട് വിഡ്ഢികളായിരിക്കരുത്. തീർച്ചയായും നിങ്ങൾ കോഴിയുടെ അടുക്കലേക്കു പോകണം. തോടിനൊപ്പം തങ്ങരുത്.

സിനഗോഗിൽ ഇപ്പോഴും പങ്കെടുക്കുന്ന യെഹൂദ സുഹൃത്തുക്കളോട് ഞാൻ ഒരു വാക്കു പറയട്ടെ. നിങ്ങൾ അമൂല്യമെന്നു കരുതുന്നത് ശൂന്യവും പൊട്ടിയതുമായ ഒരു മുട്ടത്തോടു മാത്രമാണ്. അതിനെക്കുറിച്ചു മറക്കുക, അതിനെ ചവറ്റുകുട്ടയിലേക്ക് എറിയുകയും കോഴിയുടെ അടുക്കൽ വരികയും ചെയ്യുക. കോഴി ക്രിസ്തുവാണ്. കോഴിയെന്ന നിലയിൽ, ക്രിസ്തു ജീവമൂലകവും ജീവസാരാംശവും ജീവസത്തയുമാണ്. പഴയനിയമവും യെഹൂദമതവും ഇത്രയധികം വിലപ്പെട്ടതായിരുന്നത് എന്തുകൊണ്ടാണ്? കാരണം, ക്രിസ്തു തോടിൽനിന്നു പുറത്തുവരുന്നതുവരെ അവൻ അവയിലുണ്ടായിരുന്നു. ഇപ്പോൾ,

അവൻ തോടിൽനിന്ന് പുറത്തുവന്നിരിക്കുന്നതിനാൽ, നിങ്ങൾ കോഴിയുടെ അടുക്കലേക്കു പോകുകയും തോടിനോടൊപ്പം തങ്ങാതിരിക്കുകയും വേണം.

ഈ തത്ത്വം മതപരമായ ഏതു കാര്യത്തോടും പ്രയോഗിക്കാവുന്നതാണ്. സ്നാനത്തിൽ ക്രിസ്തു ഉണ്ടെങ്കിൽ അതു നല്ലതാണ്. എന്നാൽ സ്നാനത്തിൽനിന്ന് ക്രിസ്തുവിനെ ഒരിക്കൽ എടുത്തുകളഞ്ഞാൽ, സ്നാനം ഒരു തോടായിത്തീരുന്നു. ക്രിസ്തു ഇല്ലാത്ത മതപരമായ ഏതൊരു കാര്യവും ഒരു തോടാണ്. എല്ലാ ഞായറാഴ്ചയും നമുക്ക് കർത്താവിന്റെ മേശയുണ്ട്, എന്നാൽ അത് കർത്താവിനെക്കൂടാതെയുള്ള വെറുമൊരു മേശയാണെങ്കിൽ, അതൊരു തോടാണ്. നിങ്ങളുടെ വേദപുസ്തകത്തിലോ വേദപുസ്തക വായനയിലോ ക്രിസ്തു ഇല്ലെങ്കിൽ അതൊരു തോടായിരിക്കാം. നിങ്ങളുടെ ശുശ്രൂഷയും പ്രസംഗവും ക്രിസ്തീയ വേലയുമെല്ലാം ക്രിസ്തുവിനെക്കൂടാതെയുള്ള വെറും മതപരമായ പ്രവർത്തനമാണെങ്കിൽ അത് തോടുകളായിരിക്കും. അടിസ്ഥാനപരവും തിരുവെഴുത്തുപ്രകാരവും മതപരവും ദൈവത്തിനു വേണ്ടിയുള്ളതും ആയ എന്തും, അതിലെ യാഥാർത്ഥ്യമായി അതിൽ ക്രിസ്തു ഇല്ലെങ്കിൽ ഒരു തോടാണ്. സഹോദരിമാരേ, നിങ്ങളുടെ ശിരോവസ്ത്രത്തിൽ ക്രിസ്തു ഉണ്ടായിരിക്കണം, കാരണം ക്രിസ്തുവില്ലാതെ നിങ്ങളുടെ തല മൂടുന്നത് കേവലം ഒരു ശൂന്യമായ തോടാണ്. ഞാൻ കേവലം ഒരു കാര്യത്തെ കുറ്റംവിധിക്കുന്നുവെന്ന് ചിന്തിക്കരുത്. ക്രിസ്തു ഇല്ലാത്ത സകല കാര്യങ്ങളെയും ഞാൻ കുറ്റംവിധിക്കുന്നു. ക്രിസ്തു ഇല്ലെങ്കിൽ എന്റെ ദൂതുപോലും ഒരു തോടാണ്. ക്രിസ്തുവിനെ ശുശ്രൂഷിക്കുന്നില്ലെങ്കിൽ ഈ മുഴുവൻ ജീവപഠനവും ഒരു തോടാണ്.

കോഴി ഇല്ലാതെ തോടുണ്ടായിരിക്കുന്നത് എത്ര എളുപ്പമാണെന്ന് നാം എല്ലാവരും കാണണം. ഇത് വളരെ എളുപ്പമാണ്. എന്താണ് മതം? മതം ക്രിസ്തുവിനെക്കൂടാതെ ദൈവത്തെ സേവിക്കുകയും ദൈവത്തെ ആരാധിക്കുകയും ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് നന്നായി പെരുമാറുകയും ചെയ്യുന്നതാണ്. ദൈവത്തെ ആരാധിക്കുന്നതും ദൈവത്തെ സേവിക്കുന്നതും ദൈവമുമ്പാകെ നന്നായി പെരുമാറുന്നതുമെല്ലാം നല്ലതാണ്, എന്നാൽ അവ ക്രിസ്തു ഇല്ലാതെയാണെങ്കിൽ അവ വെറും ഒരു മതമാണ്. അങ്ങനെയുള്ള ആരാധനയോ സേവനമോ പെരുമാറ്റമോ മതമായിത്തീരുന്നു. ക്രിസ്തു മാത്രമാണ് യാഥാർത്ഥ്യം. നാം ചെയ്യുന്നതും നാം ആയിരിക്കുന്നതുമെല്ലാം ഒരു തോടായിരിക്കാം. ഇവയിൽ ചിലത് ഒരു തോടുപോലുമല്ല, മറിച്ച് അവ ഒരു തോടാണെങ്കിൽപോലും ക്രിസതുവിനെക്കൂടാതെ അവ ഒന്നുമല്ല. നമുക്ക് ക്രിസ്തു ഉണ്ടായിരിക്കണം! ഒരു മൂപ്പനായിരിക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ? അതു നല്ലതാണ്, എന്നാൽ ആ മൂപ്പരത്വത്തിൽ ക്രിസ്തു ഉണ്ടായിരിക്കണം.

നിങ്ങളുടെ മൂഷരത്വത്തിൽ ക്രിസ്തു ഇല്ലെങ്കിൽ, നിങ്ങളുടെ മൂഷരത്വം ഒരു തോടാണ്. നിങ്ങൾ ഒരു തോടിനെ അമൂല്യമായി എടുക്കുമ്പോഴെല്ലാം, നിങ്ങൾ നദി മുറിച്ചുകടക്കുകയും ആ തോടിൽനിന്നു പുറത്തുവന്ന് നിങ്ങളെത്തന്നെ കുഴിച്ചിടുകയും വേണം. ഇതാണ് എബ്രായലേഖനത്തിന്റെ സന്ദേശം.

എബ്രായലേഖനം നൂറു ശതമാനവും ക്രിസ്തുവിന്റെയും ക്രിസ്തുവിനുവേണ്ടിയുമുള്ള ഒരു പുസ്തകമാണ്. ഈ ക്രിസ്തു ഉപദേശപരമായ ഒരു ക്രിസ്തുവല്ല; അവൻ ഇന്ന് നമ്മുടെ അനുഭവത്തിനുവേണ്ടിയുള്ള ഒരു ക്രിസ്തുവാണ്. ക്രിസ്തു സകലവും നിർവഹിച്ചുവെന്നും അവൻ ഇപ്പോൾ മഹിമയുടെ വലതുഭാഗത്ത് ഇരിക്കുന്നുവെന്നും എബ്രായർ 1:1-3 നമ്മോട് പറയുന്നു. അവൻ ആകാശത്തിലൂടെ കടന്നുപോയ മഹാപുരോഹിതനാണെന്ന് എബ്രായർ 4:14 പറയുന്നു. അവൻ നദി മുറിച്ചുകടക്കുക മാത്രമല്ല, ആകാശത്തിലൂടെ കടന്നുപോകുകയും, തിരശ്ശീലയ്ക്കുള്ളിലെ അതിവിശുദ്ധസ്ഥലം ഉള്ളതായ മൂന്നാം സ്വർഗത്തിലേക്ക് പ്രവേശിക്കുകയും ചെയ്തിരിക്കുന്നു. അവൻ ഇപ്പോൾ അവിടെയുണ്ട്. അവൻ മുൻഗാമിയാണെന്ന് എബ്രായർ 6:20 പറയുന്നു. ലക്ഷ്യത്തിലെത്തിച്ചേരുന്നതിൽ ഒന്നാമനായിത്തീർന്നുകൊണ്ട് അവൻ ഓട്ടം ഓടിയിരിക്കുന്നു. അവനായിരുന്നു തിരശ്ശീലയ്ക്കുള്ളിൽ ആദ്യമായി പ്രവേശിച്ചത്. എബ്രായർ 7:26 പറയുന്നു, ഇങ്ങനെയുള്ള മഹാപുരോഹതനെയാണ് നമുക്കു വേണ്ടത്, കാരണം അവൻ സ്വർഗങ്ങളെക്കാൾ ഉന്നതനായിത്തീർന്നിരിക്കുന്നു. അവൻ പ്രപഞ്ചത്തിന്റെ ഉന്നതിയിലാണ്. ക്രിസ്തു മരിച്ചുവെങ്കിലും അവൻ ഇപ്പോൾ സ്വർഗത്തിലുണ്ടെന്ന് എബ്രായർ 8:1; 9:24; 10:12 എന്നീ ഭാഗങ്ങൾ പറയുന്നു; എങ്കിലും അവൻ സന്നിഹിതനാണ്. ഓ, അവനുമായി ബന്ധപ്പെടുവാൻ നാം എത്രത്തോളം വരണം! തോട് ഉപേക്ഷിക്കുക! തോടിനെ മറക്കുക! നാമെല്ലാവരും ഈ സ്വർഗീയ ക്രിസ്തുവിനെ, ഇപ്പോഴത്തെ ഈ ക്രിസ്തുവിനെ, ഇന്നത്തെ ഈ ക്രിസ്തുവിനെ സ്പർശിക്കണം. അവൻ വളരെ യഥാർഥവാനാണ്, വളരെ ജീവനുള്ളവനാണ്. നാം ഭൂമിയിൽ ഒരു സ്വർഗീയ ജീവിതം നയിക്കത്തക്കവണ്ണം അവൻ ഇപ്പോൾ സ്വർഗീയമായ സകല ജീവനും അധികാരവും ശക്തിയും നമുക്കു നൽകുന്നു. അവൻ നമ്മുടെ ദൈനംദിന രക്ഷ മാത്രമല്ല, നിമിഷംതോറുമുള്ള നമ്മുടെ സഹായവുമാണ്. അവൻ ഇങ്ങനെയുള്ള ഒരു ക്രിസ്തുവാണ്. നാമെല്ലാവരും അവനെ അറിയുകയും അനുഭവിക്കുകയും വേണം. മതത്തെ മറക്കുക! നമുക്ക് കോഴിയുണ്ട്! നമുക്ക് ഇനിമേൽ ആചാരങ്ങളോ അനുഷ്ഠാനങ്ങളോ ഇല്ല — യാഥാർഥ്യം മാത്രം. ഇതാണ് എബ്രായലേഖനത്തിന്റെ ഉള്ളടക്കം. നമ്മുടെ ജീവപഠനത്തിൽ നാം തുടരുമ്പോൾ, ഈ പുസ്തകത്തിന്റെ ആഴങ്ങളും നിഗൂഢതയും സമ്പന്നതയും നാം കാണും.

## B. എല്ലാ സ്വർഗീയ കാര്യങ്ങളോടുംകൂടെ

ഈ പുസ്തകത്തിലെ ഉള്ളടക്കങ്ങൾ സ്വർഗീയ ക്രിസ്തു മാത്രമല്ല, പിന്നെയോ എല്ലാ സ്വർഗീയ കാര്യങ്ങളോടുംകൂടെയുള്ള സ്വർഗീയ ക്രിസ്തുവാണ്: സ്വർഗീയ വിളി (3:1), സ്വർഗീയ പേരു ചേർക്കൽ (12:23), സ്വർഗീയ ദാനം (6:4), സ്വർഗീയ കാര്യങ്ങൾ (8:5; 9:23), സ്വർഗീയ വിശുദ്ധ സ്ഥലങ്ങൾ (9:24), സ്വർഗീയ യെരൂശലേം (12:22), സ്വർഗീയ ദേശം (11:16). ഈ സ്വർഗീയ കാര്യങ്ങളെയെല്ലാം നാം കാണണം.

## III. ഭാഗങ്ങൾ

ഈ പുസ്തകത്തിന്റെ ഭാഗങ്ങൾ തിരിച്ചറിയുക എന്നത് വളരെ ലളിതമായ കാര്യമാണ്. ഒന്നാമതായി, ദൈവം പുത്രനിൽ സംസാരിച്ചുവെന്ന് കാണിക്കുന്ന ആമുഖം നമുക്കുണ്ട് (1:1-3). അവസാനമായി ഉപസംഹാരം (13:20-25). ആമുഖത്തിനും ഉപസംഹാരത്തിനുമിടയിൽ, ഈ പുസ്തകം ക്രിസ്തുവിന്റെ ഔന്നത്യത്തെ കാണിക്കുകയും (1:4—10:39), കൂടാതെ ഈ ക്രിസ്തുവിനെ സ്വീകരിക്കുവാനും ആസ്വദിക്കുവാനുമുള്ള മാർഗമായ വിശ്വാസത്തിന്റെ മാർഗം വെളിപ്പെടുത്തുകയും ചെയ്യുന്നു (11:1—13:19) ക്രിസ്തു എല്ലാറ്റിനേക്കാളും—ദൂതന്മാരെക്കാളും യോശുവയെക്കാളും മോശെയെക്കാളും അഹരോനെക്കാളും— ഉന്നതനാണ്. മോശെയുമായി ഉണ്ടാക്കിയ ഉടമ്പടിയെക്കാൾ ഉന്നതമാണ് അവൻ ഉണ്ടാക്കിയ ഉടമ്പടി. ക്രിസ്തു എല്ലാറ്റിനേക്കാളും ഉന്നതനാണ്. ഈ ക്രിസ്തുവിന്റെ അടുക്കൽ എത്തിച്ചേരുവാനുള്ള മാർഗം, അവനെ സ്വീകരിക്കുന്നതിനുള്ള മാർഗം, വിശ്വാസം എന്ന നിസ്തുലമായ മാർഗമാണ്. ഇതാണ് എബ്രായലേഖനം.